**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3013** — **28-02-2023 - ൽ മറുപടിയ്ക്ക്**

**നായരമ്പലം ഫിഷ് മാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം ഫിഷ് മാർക്കറ്റിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം ഫിഷ മാർക്കറ്റിന് സാങ്കേതികാനുമതി നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാങ്കേതികാനുമതിയ്ക്കാവശ്യമായ മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. കെ.എം.ബി.ആർ-ലെ പുതിയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്ലാൻ പുതുക്കി തയ്യാറാക്കി വരുന്നു.<br><br>കിഫ്ബി മുഖേന ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ അതാത് ഗ്രാമ പഞ്ചായത്തുമായി റവന്യൂ ഷെയറിംഗ് തിരിച്ചടവ കിഫ്ബി നിഷ്കർഷിച്ചിരുന്നു. ഇതുപ്രകാരം തുടർനടപടി സ്വീകരിച്ചു വരികയായിരുന്നു. എന്നാൽ ജനപ്രതിനിധികളുടെ അഭ്യർത്ഥന പരിഗണിച്ചുകൊണ്ട് ഫണ്ടിംഗ് അനുമതി ഗ്രാന്റായി കണക്കാക്കാവുന്നതാണെന്ന് 04.08.2022-ൽ കിഫ്ബി അറിയിച്ചു. ഇത്തരത്തിൽ റവന്യൂ ഷെയറിംഗ് സംബന്ധിച അന്തിമ തീരുമാനം ലഭിച്ചശേഷമാണ് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി ആരംഭിക്കുവാൻ സാധിച്ചത്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ബി) | പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകി കിഫ്ബി വ്യവസ്ഥകൾ പൂർത്തിയാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. 2023 മെയ് മാസത്തോടെ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ